# മയ്യഴിയിലൂടെ

ജൂലിയസ് മിർഷാദ്, ഒന്നാം വർഷ പ്രീ ഡിഗ്രി

മയ്യഴി എന്നും അനന്തമായ കഥകൾ പറഞ്ഞു തരുന്ന ഒരു പ്രദേശമാണ് ഒരർത്ഥത്തിൽ മയ്യഴിയൻ വ്യഥകളുടെ കഥകൾ. എം. മുകുന്ദന്റെ മയ്യഴിയുടെ ഹൃദയത്തിലൂടെയുള്ള യാത്രകൾ അതയായത് മുകുന്ദന്റെ ഹൃദയ വ്യഥകളെ തൊട്ടറിഞ്ഞ കഥകൾ മലയാളികൾ എന്നും മറോടടക്കിപ്പിട്ടിച്ചുണ്ട്. മരിച്ചതിനുശേഷം ആത്മാക്കൾ അങ്ങകലെ അറബി കടലിലെ വെള്ള്യാംകല്ലിൽ തുമ്പികളായി പാറിനടക്കുമെന്ന വിശ്വാസം മയ്യഴിയിലെ ജനതയുടെ ആശ്വാസമാവാൻ കാരണം ഒന്നു മാത്രമായിരിക്കാം. ആരും ഈ കൊച്ചു മയ്യഴിയേയും. പുഴയേയും, കടലിനെയും ജീവിതത്തെയും വിട്ട്പോവാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളത് കൊണ്ട തന്നെ........ മുകുന്ദൻ യുവാക്കളെ വഴിതെറ്റിച്ചു എന്ന ആരോപണം പരക്കെ ഉന്നയിച്ചപ്പോഴും മയ്യഴിയുടെ വേദനകളെ ഹൃദയ താളങ്ങളെ നൊമ്പരങ്ങളെ ചിത്രീകരിക്കാതിരിക്കാൻ അല്ലെങ്കിൽ തട്ടിമാറ്റാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. അത്കൊണ്ടായിരിക്കണം മുകുന്ദൻ ഇനിയും പറഞ്ഞ് തീരാത്ത മയ്യഴിയിലെ കഥാപാത്രങ്ങളുമായി ഇത്രയും കാലം നടന്നത്, ഇനി നടക്കാനിരിക്കുന്നതും............. അകലെ ഡൽഹിലിയിരുന്ന് അദ്ദേഹം മയ്യഴിയിലെ സ്പന്ദനങ്ങളെ ഇപ്പോഴും ഗൃഹാതുരത്വത്തോടെ നോക്കി കാണുന്നത് ഇത്കൊണ്ടായിരിക്കണം.



കടത്തനാട്ടുകാരിൽ നിന്നും ഫ്രഞ്ചുകാർ പാട്ടത്തിനെടുത്ത മയ്യഴി പിന്നീട് അധീനപ്പെടുത്തി ഭരണം നടത്തുകയാണുണ്ടായത്... മയ്യഴിയെന്ന കൊച്ചു പ്രദേശം ഇന്ന് പോണ്ടിച്ചേരി എന്ന സംസ്ഥാനത്തിന്റെ സൗഭാഗ്യമാണ്. ആദ്യകാലത്ത് ഒരു പ്രമുഖ ഫ്രഞ്ച് കോളനിയായിരുന്ന മയ്യഴി 18-ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ ഫ്രഞ്ച് ജനതക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോളാണ് വിട്ടുപോയത്. എന്നാലും കേരള-ഫ്രഞ്ച് സംസ്ക്കാരങ്ങളുടെ സമന്വയം ഇന്നും മയ്യഴിയെ ഏറെ വിത്യസ്തമാക്കുന്നു. ഈ സാസ്കാരിക സാഹചര്യങ്ങളിൽ നിന്നു വേണം ഇക്കഴിഞ്ഞ നവംബർ 15മുതൽ ഒരാഴ്ചക്കാലം മയ്യഴിയിൽ നടത്തിയ മയ്യഴി മഹോൽസവത്തെ നോക്കി കാണാൻ. ഒരർത്ഥത്തിൽ മയ്യഴി ജനതയുടെ കലയോടുള്ള അഭിനിവേശത്തെ മനസ്സിലാക്കാൻഅത്യന്തം ആകർഷകമായ വേദിയിൽ മഹോൽസവം ഉൽഘാടനം ചെയ്തത് പോണ്ടിച്ചേരി മുഖ്യമന്ത്രിയാണ്. ഉൽഘാടന ചടങ്ങിന് മുമ്പ് വേദിയിൽ തായമ്പക വിദഗ്ധൻ മട്ടന്നൂർ ശങ്കരൻ കുട്ടിയും സംഘവും ചെണ്ടയിൽ തീർത്ത താളമേള വിസ്മയങ്ങൾ സദസ്സിനെ അപൂർവ്വ ശ്രവ്യാനുഭവമായി തീർന്നു... കൂടാതെ

മയ്യഴിലെ സക്കൂൾ കുട്ടികൾ അവതരിപ്പിച്ച സമൂഹ ഗാനം ദേശസ്നേഹത്തിന്റെയും പാരമ്പര്യ മൂലങ്ങളുടെയും സത്വവിളിച്ചോതുന്ന ഒന്നായിരുന്നു. തുടർന്ന് സിനിമാ താരം ദിവ്യാഉണ്ണിയും സംഘവും അവതിരിപ്പിച്ച നൃത്തം ഉൽഘാടന ചടങ്ങിന് കൊഴുപ്പേകുന്ന കാഴ്ചയായിരുന്നു. മേരിമാതാ കമ്മ്യൂണിറ്റി ഹാളിൽ പ്രശസ്ത ചിത്രകാരൻ എം.വി. ദേവൻ ഉൽഘാടനം നിർവ്വഹിച്ച ചിത്ര-ശിൽപ പ്രദർശനത്തിൽ 70ൽ പരം ചിത്ര-ശിൽപ കലാകാരന്മാരുടെ രചനകൾ പ്രദർശിപ്പിച്ചു. ജീവിതത്തിനെ കുറിച്ചുള്ള വ്യത്യസ്ത വ്യാഖ്യാനങ്ങളും ജീവിത പ്രതിസന്ധി ഘട്ടങ്ങളുടെ ചിത്രീകരണവും മനുഷ്യ മനസ്സിന് അശ്വസ്ത ഉളവാക്കുന്നതായിരുന്നു. എന്നാൽ സമകാലീന രാഷ്ട്രീയ-സാംസ്കാരിക, ആഗോള വൽകരണ പ്രശ്നങ്ങൾ ചിത്രീകരിക്കുക വഴി ആസ്വാദകന്റെ മുഖത്ത് നോക്കി പരിഹസിക്കുന്നത് ഈ പ്രദർശനത്തിന്റെ മുഖമുദ്രയാണ്. ഓരോ ശിൽപിയും ചിത്രകാരും പുത്തൻ സമൂഹ സൃഷ്ടിക്കു വേണ്ടി തങ്ങളുടെം രചനകൾ ഉപയോഗിച്ചിട്ടുണ്ടെന്ന് വേണം മനസ്സിലാക്കാൻ. ഇങ്ങനെ ചെയ്യുകവഴി കലാകരാന്മാർ തന്റെ സാമൂഹ്യ പ്രതിബന്ധയാണ് വെളിവാക്കുന്നത്.

ആധുനിക ജീവിതം തീർത്ത എന്തിനും ഏതിനും സമയമില്ലാത്ത പ്രശ്നത്തെ കണ്ടറിഞ്ഞ് കൊണ്ടാകണം വഴിയാത്രക്കാരെ ആകർഷിക്കാൻ പൂഴിതലയിൽ സംഘടിപ്പിച്ച വഴിയോര ചിത്രപ്രദർശനം ഇത് മഹോൽസവത്തെ ജനകീയമാക്കി.

ആരോഗ്യമന്ത്രി ഇ വൽസരാജ് ഉൽഘാടനം ചെയ്ത വ്യാപാര മേള ഇന്ത്യൻ കരവിരുതിൽ വന്ന

പുതിയ പരീക്ഷണങ്ങളെ വിളംബരം ചെയ്യുന്നതായിരുന്നു. ഇതോടനുബന്ധിച്ച് കരകൗശല വസ്തുക്കളുടെ വിൽപ്പനയും നടുന്നു. ഗവർമെന്റ് മിടിൽ സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന കേരള കലാമണ്ഡലലത്തിലെ കലാകാരൻമാർ അവതരിപ്പിച്ച കൂടിയാട്ടം അനുഷ്ടാന കലകൾ ഇനിയും മരിച്ചിട്ടില്ലെന്ന് തെളിയിച്ചു.

പ്രശസ്ത സാഹിത്യകാരൻമാരുടെ സാനിധ്യം കൊണ്ട് മഹനീയമായി തീർന്ന ഒന്നായിരുന്നു മയ്യഴിമഹോൽസവം. കവിയരങ്ങിൽ എ. അയ്യപ്പൻ, കുഞ്ഞപ്പ പട്ടാനൂർ, കെ.സി ഉമേഷ് ബാബു, പി.പി. രാമ ചന്ദ്രൻ, പി.എം. ഗിരിജ. പി.പി ശ്രീധരനുണ്ണി തുടങ്ങിയ പ്രശസ്ത കവികൾ പങ്കെടുത്തു. മഹോൽസവത്തോടനുബന്ധിച്ച് നടന്ന സുഹൃത്ത് സമ്മേളനത്തിൽ മയ്യഴിയുടെ സ്വന്തം കഥാകാരൻ മുകുന്ദൻ മുഖ്യാതിതിയായിരുന്നു. മഹോൽസവത്തിന്റെ ഭാഗമായി നടത്തിയ കഥാ സമ്മേളനത്തിൽ എൻ. പി. മുഹമ്മദ്, പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു തുടങ്ങിയ പ്രശസ്ത കഥാകാരൻമാർ പങ്കെടുത്തു. ചാലക്കരവെച്ച് നടത്തിയ വനിതാ സെമിനാറിൽ വസുന്തരദേവി അദ്ധ്യക്ഷയായിരുന്നു. ഇതിൽ സ്ത്രീ വിമോചന പ്രവർത്തകരും എഴുത്തുകാരികളും പങ്കെടുത്തു.

നാടൻ പാട്ട്, ഗാനമേള, പാരിസ് മോഹൻ കുമാറിന്റെ ചിത്ര-ശിൽപ പ്രദർശനവും കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പുഷ്പഫല-സസ്യപ്രദർശനം തുടങ്ങിയവ ഹൃദ്യമായിരുന്നു.

മയ്യഴിലെ ജനങ്ങളുടെ ഒത്തൊരുമ വിളിച്ചോദുന്ന കൂട്ടായ്മയാണ് പ്രധാന സ്റ്റേജിൽ കണ്ടത്. പ്രശസ്ത സിനിമാ താരം ദിവ്യാഉണ്ണിയുടെ നൃത്തം, അജയ് ജലോട്ടയുടെ ഗസൽ, പ്രശസ്ത മജീഷ്യൻ മുതുകാടിന്റെ മാജിക്ക് ഷോ, ഉദയഭാനുവിന്റെ ഓൾഡ് ഈസ് ഗോൾഡ് ഗാനമേള.

അവസാന ദിവസം രാത്രി ഞങ്ങൾ മടങ്ങുമ്പോൾ പ്രശസ്ത കോറിയോ ഗ്രാഫർ കലാമാസ്റ്ററുടെ നേതൃത്വത്തിൽ ഡാൻസ് എക്സ്പ്ലോഷൻ, മെയിൻ സ്റ്റേജിൽ അരങ്ങേറുകയായിരുന്നു.